**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601</u>** **<u>27-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>അനെർട്ടിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങൾ</u>**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ഡോ. മാത്യു കുഴൽനാടൻ</td><td colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനെർട്ടിൽ സി.എം.ഡി. മുഖേന നടത്തിയ നിയമനങ്ങൾ എത്ര; ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയത്; വിശദാംശം നൽകുമോ;</td><td>(എ)</td><td>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ പദ്ധതികൾക്കുവേണ്ടി അനെർട്ടിൽ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) വഴി കരാർ അടിസ്ഥാനത്തിൽ 34 പേരെ നിയമിച്ചിട്ടുണ്ട്. അനെർട്ട് ആസ്ഥാന കാര്യാലയത്തിലും, ജില്ലാ കാര്യാലയങ്ങളിലുമായി നടത്തിയിട്ടുള്ള നിയമനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത തസ്തികകളിൽ സി.എം.ഡി. മുഖേന നിയമനം നടത്തുന്നതിന് മുമ്പ് പ്രസ്തുത ഒഴിവുകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;</td><td>(ബി)</td><td>രേഖാമൂലം അറിയിച്ചിട്ടില്ല.</td></tr>
<tr><td>(സി)</td><td>എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളിൽ മേൽപ്പറഞ്ഞ തസ്തികകൾക്ക് യോഗ്യതയുള്ളവർ ഇല്ല എന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും അറിയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?</td><td>(സി)</td><td>അറിയിച്ചിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | തസ്തിക | വിശദാംശം |
|---|---|---|
| 1 | പ്രോജക്റ്റ് എഞ്ചിനീയർ | 3 പേർ<br>(അനെർട്ട് ആസ്ഥാന കാര്യാലയം -3) |
| 2 | അസിസ്റ്റന്റ് അക്കൗണ്ട്സ് ഓഫീസർ | 2 പേർ<br>(അനെർട്ട് ആസ്ഥാന കാര്യാലയം- 2) |
| 3 | അസിസ്റ്റന്റ് പ്രോജക്റ്റ് എഞ്ചിനീയർ | 9 പേർ<br>(ആസ്ഥാന കാര്യാലയം – 3, തിരുവനന്തപുരം ജില്ലാ കാര്യാലയം – 1, കൊല്ലം - 1, മലപ്പുറം - 1, വയനാട് - 1, കണ്ണൂർ - 1, തൃശ്ശൂർ - 1) |
| 4 | പ്രോജക്റ്റ് അസിസ്റ്റന്റ് (ഐ.ടി.) | 2 പേർ<br>(അനെർട്ട് ആസ്ഥാന കാര്യാലയം - 2) |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് | 18 പേർ<br>(ആസ്ഥാന കാര്യാലയം – 4 , തിരുവനന്തപുരം ജില്ലാ കാര്യാലയം – 1, പത്തനംതിട്ട - 1, കോട്ടയം – 1, എറണാകുളം – 1, തൃശ്ശൂർ - 1, പാലക്കാട് - 1, മലപ്പുറം - 1, വയനാട് - 1, കണ്ണൂർ – 1, കാസർഗോഡ് - 1, കൊല്ലം – 1, ആലപ്പുഴ - 1, കോഴിക്കോട്-1, ഇടുക്കി -1) |

**സെക്ഷൻ ഓഫീസർ**